**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :587** | **01.12.2015 ൽ മറുപടി**

## പരമ്പരാഗത വ്യവസായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗത്ത് ജോലി ചെയ്ത് ജീവിക്കുന്ന കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) പരമ്പരാഗത കൈത്തറി മേഖലയിൽ 29044 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ജോലിചെയ്ത് ജീവിക്കുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷനു കീഴിൽ 12389 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിൽ ഏകദേശം 4400 പേരും പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്ത് വരുന്നു. പരമ്പരാഗത കയർമേഖലയിൽ 3.75 ലക്ഷം തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷനെ ആശ്രയിച്ച് പതിനായിരത്തോളം പനമ്പ് നെയ്ത്തു തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കേരള ഖാദി-ഗ്രാമവ്യവസായ ബോർഡിനു കീഴിൽ 1,49,123 പേർ ജോലി ചെയ്ത് ജീവിക്കുന്നു. പരമ്പരാഗത കരകൗശല മേഖലയിൽ പതിനായിരത്തോളം കുടുംബങ്ങളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. |
| (ബി) ഏതെല്ലാം പരമ്പരാഗത വ്യവസായ രംഗത്താണിപ്പോൾ തൊഴിൽ ദിനങ്ങളും തൊഴിൽ അവസരങ്ങളും കുറഞ്ഞിട്ടുള്ളത്; | (ബി) കൈത്തറി മേഖലയിലും കശുവണ്ടി മേഖലയിലും തൊഴിൽദിനങ്ങളും തൊഴിലവസരങ്ങളും കുറഞ്ഞിട്ടുണ്ട്. ഖാദി, കയർ, ഈറ്റ-പനമ്പ് നെയ്ത്ത് മേഖലകളിൽ തൊഴിൽദിനങ്ങളും തൊഴിലവസരങ്ങളും കുറഞ്ഞിട്ടില്ല. |
| (സി) ഓരോ പരമ്പരാഗത വ്യവസായ രംഗത്തെയും ആശ്രയിച്ച് ജീവിച്ചുപോന്നിരുന്ന കുടുംബങ്ങൾ, തൊഴിൽ നഷ്ടപ്പെട്ടവർ, അടച്ചുപൂട്ടപ്പെട്ട ചെറുകിട യൂണിറ്റുകൾ, ആധുനിക വൽക്കരണം നടന്നിട്ടില്ലാ | (സി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കൈത്തറി മേഖലയിൽ ആധുനിക വൽക്കരണം നടത്തി വരുന്നു. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കശുവണ്ടി മേഖലയിൽ ഭാഗിക യന്ത്രവൽക്കരണവും കയർ മേഖലയിൽ |

ത്തവ തുടങ്ങിയ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

നിയന്ത്രിത യന്ത്രവൽക്കരണവും നടപ്പാക്കി വരുന്നു. ഖാദി മേഖലയിൽ നൂൽപ്, നെയ്ത്ത് എന്നീ പ്രക്രിയകളിൽ നിയമപരമായി കഴിയുന്ന ആധുനിക വൽക്കരണം നടത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത രംഗത്ത്, നിലവിൽ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണ്; അവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ആശ്വാസം ലഭ്യമാക്കിയിട്ടുണ്ടോ?

(ഡി) കൈത്തറി മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ തൊഴിൽ നഷ്ടപ്പെട്ടതായി വിവരം ലഭിച്ചിട്ടില്ല. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ തൊഴിൽദിനങ്ങളും തൊഴിലവസരങ്ങളും നിലനിർത്തുന്നതിനായി കേരള സംസ്ഥാന ബാംബൂകോർപറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർമേഖലയിൽ സഹകരണ മേഖലയിൽ പണിയെടുക്കുന്ന തിനെക്കാൾ കൂടുതൽ ആളുകൾ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുൾപ്പെടെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. കയർമേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ഉണ്ടാക്കുന്നതിനും മേഖലയുടെ സമഗ്രവികസനത്തിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ബൃഹത് പദ്ധതി നടപ്പാക്കി വരുന്നു. ഖാദി-ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ